വളരെ ക്ഷാമമുള്ള ചില പ്രദേശങ്ങളിൽ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണ ശൃംഖല മെച്ചപ്പെടുത്തി ചില ചെറിയ എക്സ്റ്റൻഷൻ നടത്തി വിതരണ ശൃംഖലയിലെ ജലവിതരണം ക്രമീകരിച്ച് നടപടികൾ എടുത്തുവരുന്നുണ്ട്. കൊച്ചി കോർപ്പറേഷന്റെ എല്ലാ പ്രദേശങ്ങളിലും ശുദ്ധജല വിതരണം നടത്തിവരുന്നുണ്ട്.

55 (2746) പദ്ധതികൾ കൈമാറുമ്പോൾ ജീവനക്കാരുടെ വിന്യാസം

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശുദ്ധജല വിതരണ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുമ്പോൾ ജീവനക്കാരുടെ വിന്യാസം സംബന്ധിച്ച് ജീവനക്കാരുടെ സംഘടനകളുമായി സർക്കാർ ചർച്ച നടത്തിയിട്ടുണ്ടോ;

(ബി) ജീവനക്കാരുടെ വിന്യാസം സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) 23.11.1998 ലെ ജി.ഒ. (എം.എസ്.) 125/98/ജല.വ. അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ജല അതോറിറ്റി കൈമാറുന്നത് ശുദ്ധ ജല വിതരണ പദ്ധതികളുടെ നടത്തിപ്പിനായി ഒരു പദ്ധതിക്ക് ഒരു ഓപ്പറേറ്റർ എന്ന നിലയിൽ, ജീവനക്കാരിൽനിന്നും ഓപ്ഷൻ വാങ്ങിയ ശേഷം മാറ്റാൻ ആണ് ഉദ്ദേശിച്ചിട്ടുള്ളത്. ജീവനക്കാരോട് ഓപ്ഷൻ ചോദിച്ചിട്ടില്ല. ഇതിനുവേണ്ടിയുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

56 (2747) ഓരു വെള്ളം മാത്രം ലഭിക്കുന്ന സ്ഥലങ്ങൾ

ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കിണറുകളിലും കുളങ്ങളിലും ഓരു വെള്ളമോ പുളിവെള്ളമോ മാത്രം ലഭിക്കുന്ന എത്ര സ്ഥലങ്ങൾ ഉണ്ട്;

(ബി) ഈ സ്ഥലങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതിന് എന്തെല്ലാം ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്?

ഉത്തരം

(എ) ഇവയുടെ എണ്ണം കൃത്യമായി തിട്ടപ്പെടുത്താവുന്ന പഠനങ്ങൾ ജല അതോറിറ്റി നടത്തിയിട്ടില്ല. ആലപ്പുഴ, കൊല്ലം. തിരുവനന്തപുരം എന്നീ തീരദേശ ജില്ലകളിലും, പാലക്കാട് ജില്ലയിലുമാണ് ഇവ പ്രകടമായി കണ്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വെള്ളത്തിന്റെ ഗുണമേന്മ കണക്കിലെടുത്തും ഫണ്ടിന്റെ ലഭ്യത അനുസരിച്ചും ഈ സ്ഥലങ്ങളിൽ ശുദ്ധജല വിതരണത്തിനായി 50% കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടിയുള്ള ചില പദ്ധതികൾ (ടെക്നോളജി മിഷൻ പദ്ധതികൾ) ആസൂത്രണം ചെയ്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. കൂടാതെ വിദേശ ധനസഹായത്തോടുകൂടി ആലപ്പുഴ ജില്ലക്കുവേണ്ടി ഒരു ബൃഹത് പദ്ധതി ആസൂത്രണം ചെയ്തുവരുന്നു.

57 (2748) മൂവാറ്റുപുഴവാലി ഇറിഗേഷൻ പദ്ധതി

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂവാറ്റുപുഴവാലി ഇറിഗേഷൻ പദ്ധതിയുടെ എത്ര പണികളാണ് കഴിഞ്ഞ രണ്ടുകൊല്ലക്കാലമായി മുടങ്ങിക്കിടക്കുന്നതെന്നും അവ ഏതൊക്കെ എന്നും, എന്ത് കാരണത്താൽ മുടങ്ങിക്കിടക്കുന്നു എന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പണികൾ പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മൂവാറ്റുപുഴവാലി ജലസേചന പദ്ധതിയുടെ 40 പണികൾ മുടങ്ങിക്കിടക്കുന്നുണ്ട്. വിജിലൻസ് അന്വേഷണം നടക്കുന്ന പണികളാണ് മുടങ്ങിക്കിടക്കുന്നത്. ഈ പണികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.†

(ബി) പണികൾ പുനരാരംഭിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

58 (2749) കുടുംബൂരിൽ ക്രോസ് ബാർ നിർമ്മിക്കുവാൻ നടപടി

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ പനത്തടി പഞ്ചായത്തിൽ കുടുംബൂരിൽ ക്രോസ് - ബാർ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ക്രോസ് - ബാറിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 36 ലക്ഷം രൂപ മതിപ്പ് ചെലവ് വരുന്ന ഈ പണിക്ക് നബാർഡിന്റെ ആർ.ഐ.ഡി. എഫ് 4 സ്കീമിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് അനുവാദം ലഭ്യമാക്കിയിട്ടുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly